No.P.15 /13

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കുസ്തുതി)
അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും വി. പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിൻ കീഴിലുള്ള
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കാതോലിക്കയും മെത്രാപ്പോലീത്തൻ ട്രസ്റ്റിയുമായ

**ബസ്സേലിയോസ് തോമസ് പ്രഥമൻ**

JACOBITE SYRIAN CHRISTIAN CHURCH
BASELIUS THOMAS I CATHOLICOSE
2002

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയിലെ നമ്മുടെ എല്ലാ പള്ളികളിലേയും ബഹു.വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, കമ്മറ്റിക്കാരും, ഭക്തസംഘടനാ പ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യമക്കൾക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ,

24-ാംമത് അഖില മലങ്കര സുവിശേഷ മഹായോഗത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. നമ്മുടെ എല്ലാ ഇടവകകളിലും ഈ മഹായോഗത്തിന് ആവശ്യമായ പ്രചരണം നൽകിയും ബഹു. പള്ളികളിൽ നിന്നും കുടുംബയൂണിറ്റുകളിൽനിന്നും വാഹനങ്ങൾ ക്രമീകരിച്ച് ദൈവമക്കളെ യോഗത്തിൽ സംബന്ധിപ്പിച്ചും സുവിശേഷ മഹായോഗം അനുഗ്രഹകരമാക്കി തീർക്കുവാൻ ബഹു. പള്ളി ഭരണസമിതി അംഗങ്ങൾ പ്രാർത്ഥിച്ച് ആലോചിച്ച് ക്രമീകരണങ്ങൾ ചെയ്തിരിക്കണം. പരി.സഭ ക്രമീകരിച്ചിരിക്കുന്ന അഖില മലങ്കര സുവിശേഷ മഹായോഗം പുത്തൻകുരിശിൽ നടക്കുന്ന ഡിസംബർ മാസം 26 മുതൽ 31-ാം തീയതി വരെ നമ്മുടെ ഇടവകകളിലോ, മേഖലകളിലോ, കുടുംബ യൂണിറ്റുകളിലോ യോഗങ്ങളും കൂടിവരവുകളും ക്രമീകരിക്കരുതെന്ന പരി.സുന്നഹദോസിന്റെ മുൻ നിശ്ചയം ആവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. ഞാൻ പോയതിന് ശേഷം പലരും വന്ന് നിങ്ങളെ ഇളക്കി മറിക്കുമെന്ന പരിശുദ്ധനായ പൗലോസ് അപ്പോസ്തോലന്റെ പ്രബോധനം മറക്കാതിരിക്കുകയും, സത്യവിശ്വാസികളായ ദൈവമക്കൾ വഴിതെറ്റി പോകാതിരിക്കുവാൻ ഓരോ ഇടവകകളും അതീവ ശ്രദ്ധാലുക്കളായിരിക്കുകയും ചെയ്യണം. പരി.സഭയുടെ എല്ലാ ഭാഗത്തും ഭദ്രാസന ആഭിമുഖ്യത്തിലും, കുടുംബ യൂണിറ്റുകളുടെ ആഭിമുഖ്യത്തിലും, പ്രെയർ ഫെലോഷിപ്പുകളുടെ ആഭിമുഖ്യത്തിലും സുവിശേഷ യോഗങ്ങളും, ധ്യാന യോഗങ്ങളും സമൃദ്ധമായി നടത്തപ്പെടുന്നതിൽ ദൈവത്തെ സ്തുതിക്കാം.

പരി.സഭയുടെ സത്യവിശ്വാസവും ആചാരനുഷ്ഠാനങ്ങളും, വി.വേദപുസ്തകവും ദൈവമക്കളെ പഠിപ്പിക്കുന്നതിനുവേണ്ടി പരി.സുന്നഹദോസ് ആലോചിച്ച് ആരംഭിച്ച Jacobite Syrian Orthodox Liturgical & Biblical Academy-യുടെ പ്രവർത്തനങ്ങൾ ഭംഗിയായും അടുക്കും ചിട്ടയോടും കൂടെ അനുഷ്ഠിച്ചു വരുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഒരു വർഷം നീണ്ടുനിൽക്കുന്ന ഡിപ്ലോമ കോഴ്സും, പ്രസ്തുത കോഴ്സ് പാസ്സായവർക്ക് രണ്ടു വർഷം നീളുന്ന പോസ്റ്റ് ഡിപ്ലോമ കോഴ്സും അടങ്ങുന്ന പാഠ്യപദ്ധതി കഴിയുന്നിടത്തോളം ആളുകൾ പ്രയോജനപ്പെടുത്തണമെന്ന് സ്നേഹബുദ്ധ്യാ നാം നിങ്ങളെ അറിയിക്കുന്നു. പരി.സഭയിലെ സുവിശേഷ വേല ത്വരിതപ്പെടുത്തുന്നതിനുവേണ്ടി അക്കാദമിയിൽ നിന്നും മൂന്ന് വർഷത്തെ പഠനം പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി Jacobite Syrian Christian Mission (JSC Mission) ആരംഭിച്ചിരിക്കുന്നു. പ്രത്യേക സുവിശേഷ പരിശീലനം ലഭിച്ച മുപ്പതിൽപ്പരം മിഷനറിമാർ ഇപ്പോൾ സംഘടനയിൽ പ്രവർത്തിക്കുന്നുണ്ട്. ഇടവക തലങ്ങളിലും, ഭദ്രാസന തലങ്ങളിലും JSC Mission-ന്റെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തു വാൻ നാം നിങ്ങളെ സ്നേഹത്തോടെ

അറിയിക്കുന്നു. ബിബ്ളിക്കൽ അക്കാദമിയുടെയും, JSC Mission -ന്റെയും ചുമതല നിർവ്വഹിക്കുന്നതിനുവേണ്ടി അഭി. മാത്യൂസ് മോർ അഫ്രേം മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തിയിരിക്കുന്നു. തുടർന്നുള്ള എല്ലാകാര്യങ്ങളും അഭി. തിരുമേനി നിങ്ങളെ അറിയിക്കുന്നതാണ്.

ആധുനിക സാങ്കേതിക വിദ്യ വളർന്ന് വികസിച്ച് സമൂഹത്തിന്റെ എല്ലാതലങ്ങളിലും വ്യാപരിക്കുന്ന ഈ കാലഘട്ടത്തിൽ പരി.സഭയെ സംബന്ധിക്കുന്ന വാർത്തകൾ സത്യ സന്ധമായി ലോകത്തിന്റെ നാനാഭാഗങ്ങളിലായി ചിതറിപാർക്കുന്ന സത്യവിശ്വാസികളായ ദൈവ മക്കൾക്ക് അറിയുവാനും അവബോധം വരുത്തുവാനും പരി.സഭയുടെ കീഴിൽ **JSC News** എന്ന പേരിൽ ഔദ്യോഗിക ഓൺലൈൻ പത്രം പരി.സഭയുടെ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ ആരംഭിച്ചിരിക്കുന്ന വിവരം വളരെ സന്തോഷത്തോടെ അത്യധിക മായി ദൈവത്തെ സ്തുതിച്ചുകൊണ്ട് നിങ്ങളെ അറിയിക്കുന്നു. **www.jscnews.org** എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഈ സേവനം വിശ്വാസികൾക്ക് ഉപയോഗപ്പെടുത്താ വുന്നതാണ്. ബഹു.പള്ളികളിൽ നടക്കുന്ന പരിപാടികൾ **JSC News**-ൽ പ്രസിദ്ധീകരിക്കു ന്നതിനായി അതാത് പള്ളികളിൽ നിന്നും കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരാളെ ഈ സംരഭത്തിന്റെ ഓർഗനൈസറായി തെരഞ്ഞെടുത്ത് അവരുടെ ബയോഡാറ്റയും, ഫോൺ നമ്പറും, ബഹു.വികാരി ചുമതലപ്പെടുത്തിയിട്ടുള്ള കത്തും **jscnews@hotmail.com** എന്ന ഈമെയിൽ അഡ്രസ്സിൽ അയച്ചുതരുകയോ അല്ലെങ്കിൽ പാത്രിയർക്കാ സെന്ററിൽ പ്രവർത്തിക്കുന്ന **JSC News** -ന്റെ ഓഫീസിൽ എത്തിക്കുകയോ ചെയ്യേണ്ടതാണ്. 24-ാം മത് അഖില മലങ്കര സുവിശേഷ മഹായോഗവും തുടർന്നു വരുന്ന സഭയുടെ മറ്റു പ്രധാന പരിപാടികളും തൽസമയം പ്രസ്തുത വെബ്സൈറ്റിലൂടെ ദർശിക്കാവുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസി ന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും നാം ഓർമ്മ നിവർത്തിക്കുന്ന പരിശുദ്ധന്മാരുടേയും പ്രാർത്ഥനകളാൽതന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽ നിന്നും,

2013 നവംബർ മാസം 23-ാം തീയതി.

ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക

JSC NEWS
The Official News Media of Holy Jacobite Syrian Church